**DCETVM/2074/2025-B2**

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
വികാസ് ഭവൻ,തിരുവനന്തപുരം
**0471-2303107**
**director.dce@kerala.gov.in**

## <u>പരിപത്രം</u>

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം- പൊതുസ്ഥലംമാറ്റം-2025-26- അധ്യാപകരിൽനിന്നും പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷ ക്ഷണിക്കുന്നത് സംബന്ധിച്ച്

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ സർക്കാർ ആർട്സ് & സയൻസ് കോളേജുകൾ, ട്രെയിനിങ് കോളേജുകൾ, സംഗീത കോളേജുകൾ , സംസ്കൃത കോളേജുകൾ, ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജ് എന്നിവിടങ്ങളിൽ സേവനമനുഷ്ഠിക്കുന്ന അദ്ധ്യാപകരിൽ നിന്നും, സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ, സർക്കാർ പോളിടെക്നിക് കോളേജുകൾ, സർക്കാർ മെഡിക്കൽ കോളേജുകൾ, സർക്കാർ ആയുർവേദ കോളേജുകൾ, സർക്കാർ ലോ കോളേജുകളിൽ എന്നിവിടങ്ങളിൽ സേവനമനുഷ്ഠിക്കുന്ന കോളേജ് വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകരിൽ നിന്നും 2025-26 അക്കാദമിക വർഷത്തിലെ പൊതുസ്ഥലമാറ്റത്തിനുള്ള അപേക്ഷ ഓൺലൈനായി ക്ഷണിക്കുന്നു.

അപേക്ഷകർ താഴേ കൊടുത്തിരിക്കുന്ന ഓൺലൈൻ ലിങ്ക് മുഖേന സ്ഥലംമാറ്റ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷ സമർപ്പിക്കാവുന്ന അവസാന തീയതി **10.03.2025 5 PM.** പ്രിൻസിപ്പൽമാർ അപേക്ഷകൾ പരിശോധിച്ച് **15.03.2025 5 PM** മുൻപായി അംഗീകാരം നൽകേണ്ടതാണ്. നിശ്ചിത സമയം കഴിഞ്ഞു ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

**ഓൺലൈൻ ലിങ്ക്:-** **http://117.241.78.85/establishment2025/**

സ്ഥലംമാറ്റത്തിന് ഏതെങ്കിലും തരത്തിൽ മുൻഗണന ലഭിക്കാൻ അർഹതയുള്ള അദ്ധ്യാപകർ പ്രസ്തുത വിവരം അപേക്ഷയിൽ വ്യക്തമായി രേഖപെടുത്തേണ്ടതും, ആവശ്യമായ രേഖകൾ അപേക്ഷയോടൊപ്പം

അപ്‌ലോഡ് ചെയ്യേണ്ടതുമാണ്. അല്ലാത്ത പക്ഷം മുൻഗണന നല്കുന്നതിന് പ്രസ്തുത അപേക്ഷ പരിഗണിക്കുന്നതല്ല.

ഹോം സ്റ്റേഷൻ തെരെഞ്ഞെടുക്കുന്നതിനും, നേരത്തെ തെരെഞ്ഞെടുത്ത ഹോം സ്റ്റേഷൻ മാറ്റുന്നതിനും ആഗ്രഹിക്കുന്ന അദ്ധ്യാപകർ ഹോം സ്റ്റേഷൻ മാറ്റുന്നതിനുള്ള അപേക്ഷകൾ സ്ഥലം മാറ്റത്തിനുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഹോം സ്റ്റേഷൻ തെരെഞ്ഞെടുക്കുന്നത്/ മാറ്റുന്നത് നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് വിധേയമായിരിക്കും.

ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന ഫോമിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ **FYUGP** കോർഡിനേറ്ററിന്റെയും വകുപ്പ് മേധാവിയുടെയും സാക്ഷ്യപ്പെടുത്തലോടുകൂടി, കോളേജ് പ്രിൻസിപ്പലിന്റെ മേലൊപ്പ് കൂടി **15.03.2025** തീയതിക്ക് മുൻപായി **dcegeneraltransfer@gmail** എന്ന ഇമെയിൽ വിലാസത്തിൽ അയച്ച് നൽകേണ്ടതാണ്.

**സുധീർ കെ ഐ.എ.എസ്**
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

Signed by
Sudhir K
Date: 21-02-2025 23:32:22

# <u>അനുബന്ധം</u>

ചുവടെ കൊടുത്തിരിക്കുന്ന ക്രമ നമ്പർ 1 മുതൽ 21 വരെയുള്ള വിവരങ്ങൾ നിർബന്ധമായും 15.03.2025 ന് മുൻപ് dcegeneraltransfer@gmail.com എന്ന ഇമെയിൽ വിലാസത്തിൽ അയച്ച് നൽകേണ്ടതാണ്. ഒരു വിഷയത്തിൽ ആരും തന്നെ സ്ഥലംമാറ്റത്തിന് അപേക്ഷിച്ചിട്ടില്ലെങ്കിൽ കൂടി ആ വിഷയത്തെ സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

| | | | |
|---|---|---|---|
| 1 | കോളേജിന്റെ പേര് | | |
| 2 | പ്രിൻസിപ്പാളിന്റെ പേര് | | |
| 3 | പ്രിൻസിപ്പാളിന്റെ മൊബൈൽ നമ്പർ | | |
| 4 | ഡിപ്പാർട്ട്മെന്റിന്റെ പേര് | | |
| 5 | എച്ച് .ഒ.ഡി യുടെ പേര് | | |
| 6 | എച്ച്.ഒ.ഡി യുടെ മൊബൈൽ നമ്പർ | | |
| 7 | സർക്കാർ അനുവദിച്ച ആകെ അദ്ധ്യാപക തസ്തികളുടെ എണ്ണം | | |
| 8 | കോളേജിൽ ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥിരം അദ്ധ്യാപകരുടെ എണ്ണം | | |
| 9 | ആകെ ഒഴിവുകളുടെ എണ്ണം | | |
| 10 | പിജി വെയ്റ്റേജും എംഫിൽ നിർത്തലാക്കിയതിന് ശേഷമുള്ള അധിക അധ്യാപക തസ്തികകളുടെ എണ്ണം | | |
| 11 | FYUGP വരുന്നതിന് മുൻപുള്ള ODD & Even സെമസ്റ്ററുകളുടെ ആകെ വർക്ക് ലോഡ് | UG | |
| | | PG | |
| | | Total | |
| 12 | കോളേജിലെ FYUGP കമ്മിറ്റി അനുവദിച്ച FYUGP നടപ്പിലാക്കിയതിന് ശേഷമുള്ള ODD സെമസ്റ്ററിലെ ആകെ ജോലിഭാരം | UG | |
| | | PG | |
| | | Total | |
| 13 | കോളേജിലെ FYUGP കമ്മിറ്റി അനുവദിച്ച FYUGP നടപ്പിലാക്കിയതിന് ശേഷമുള്ള EVEN സെമസ്റ്ററിലെ ആകെ ജോലിഭാരം | UG | |
| | | PG | |
| | | Total | |
| 14 | അപേക്ഷകരിൽ സ്ഥലംമാറ്റത്തിന് മുൻഗണന ലഭിക്കുവാൻ അർഹതയുള്ള അദ്ധ്യാപകർ (മുൻഗണന എന്തിനെന്ന് വ്യക്തമാക്കണം) | | |
| 15 | സ്ഥലംമാറ്റത്തിൽ നിന്നും പരിരക്ഷ അർഹിക്കുന്ന അദ്ധ്യാപകരുടെ വിവരങ്ങൾ (പരിരക്ഷ എന്താണെന്നും, എത്ര കാലമായി പരിരക്ഷ ഉപയോഗപ്പെടുത്തുന്നുവെന്നും വ്യക്തമാകേണ്ടതാണ്.) | | |
| 16 | അദ്ധ്യാപകരിൽ ആരെങ്കിലും എൻ.സി.സി ഓഫീസറായി പ്രവർത്തിക്കുന്നുണ്ടോ (എൻ.സി.സി ഓഫീസറുടെ പേരും എൻ.സി.സി ഓഫീസറായി ചുമതലയേറ്റെടുത്ത തിയതി വ്യക്തമാക്കണം) | | |

| | | |
|---|---|---|
| 17 | എഫ്.ഐ.പി ഡെപ്റ്റേഷനിൽ തുടരുന്ന അദ്ധ്യാപകരുടെ പേര് (എഫ്.ഐ.പി കാലയളവും, എഫ്.ഐ.പി ചെയ്യുന്നത് ഹോം സ്റ്റേഷനിലാണോ എന്നും വ്യക്തമാക്കണം) | |
| 18 | ഡെപ്യൂട്ടേഷനിൽ തുടരുന്ന അദ്ധ്യാപകരുടെ പേര് (ഡെപ്യൂട്ടേഷൻ കാലയളവ് വ്യക്തമാക്കണം) | |
| 19 | ശൂന്യവേതനാവധിയിൽ തുടരുന്ന അദ്ധ്യാപകരുടെ പേര് (ശൂന്യവേതനാവധി കാലയളവ് വ്യക്തമാക്കണം) | |
| 20 | നിലവിൽ മറ്റേർണിറ്റി ലീവിൽ തുടരുന്ന അദ്ധ്യാപികമാരുടെ പേര് വിവരങ്ങൾ (അവധി കാലയളവ് വ്യക്തമാക്കണം) | |

21. നിലവിൽ ജോലി ചെയ്യുന്ന അധ്യാപകരുടെ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്ന നിശ്ചിത മാതൃകയിൽ നൽകേണ്ടതാണ്.

| ക്രമ നമ്പർ | നിലവിൽ ജോലി ചെയ്യുന്ന അധ്യാപകരുടെ പേര്, PEN നമ്പർ, മൊബൈൽ നമ്പർ | കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ജോലിയിൽ പ്രവേശിച്ച തീയതി | ഇപ്പോഴത്തെ ഹോം സ്റ്റേഷൻ ( തിരഞ്ഞെടുത്ത തീയതി വ്യക്തമാക്കണം) | മുൻപ് തിരഞ്ഞെടുത്തിരുന്ന ഹോം സ്റ്റേഷനും കാലയളവും | ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ പ്രവേശിച്ച തീയതി | സ്ഥലമാറ്റത്തിൽ നിന്നും പരിരക്ഷ അർഹിക്കുന്നുണ്ടോ( ഉണ്ടെങ്കിൽ ഏതുതരം പരിരക്ഷ, എത്ര കാലമായി പരിരക്ഷ ഉപയോഗിക്കുന്നുവെന്നും വ്യക്തമാക്കണം) | നിലവിൽ FIP/deputation/LWA/ Maternity leave എന്നിവയിൽ തുടരുന്നുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരം – ആയതിന്റെ കാലയളവ് | വിരമിക്കൽ തീയതി | ഈ കീഴിൽ മുൻപ് ജോലി ചെയ്തിരുന്ന സ്ഥാപനങ്ങളും സേവന കാലയളവും |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |